കിഴക്കന് ലഡാക്കിലെ ഇന്ത്യാ-ചൈന അതിര്ത്തിയിലെ സംഭവവികാസങ്ങളെ കുറിച്ചുള്ള പത്രക്കുറിപ്പ്

സെപ്തംബര് 30, 2014

1. ഇന്ത്യയും ചൈനയും തമ്മില് ഉണ്ടാക്കപ്പെട്ട ധാരണയെ തുടര്ന്നു ഇരു വിഭാഗങ്ങളും സെപ്തംബര് 26, 27 , 2014 തീയതികളില് കിഴക്കന് ലഡാക്കിലെ ചുമാര്, ഡെംചോക്ക് മേഖലകളില് നിന്നും നിലവില് ഉണ്ടായിരുന്ന സൈന്യത്തെ പിന്വലിക്കുവാനും പുനവിന്യസിക്കാനും വേണ്ട നടപടികള് സ്വീകരിക്കുകയും സെപ്തംബര് ഒന്നു 2014 വരെ ഉണ്ടായിരുന്ന സ്ഥിതി വിശേഷം വീണ്ടും പുനസ്ഥാപിക്കുവാനും ശ്രമിച്ചു. സെപ്തംബര് 30 ഉച്ചതിരിഞ്ഞു സ്പാന്ഗൂര് ചുരത്തില് ഇരു വിഭാഗത്തെയും അതിര്ത്തി കമാന്ഡര്മാരുടെ യോഗം നടന്നു. ചുമാര് ഡെംചോക്ക് മേഖലകളില് ഇരു വശത്തെയും അതിര്ത്തി സേനകള്ക്കിടയില് ഉണ്ടായിരുന്ന ആശയക്കുഴപ്പം വിജയകരമായി പര്യവസാനിപ്പിച്ചോ എന്നു ഉറപ്പ് വരുത്തുന്നതിനായിരുന്നു ഈ യോഗം.

2. ഇന്ത്യാ- ചൈന അതിര്ത്തി കാര്യങ്ങള്ക്കുള്ള ഉപദേശക സഹകരണ പ്രവര്ത്തന സംവിധാനത്തിന്റെ ( Working Mechanism for Consultation and Coordination on India-China Border Affairs (WMCC) യോഗം ഇന്ത്യയില് ഒക്ടോബര് 16-17 , 2014 നു നടത്തുവാന് ഇരു വിഭാഗവും തീരുമാനിച്ചു. അതിര്ത്തി മേഖലകളില് സമാധാനവും ശാന്തിയും സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഉചിതമായ വിഷയങ്ങള് ചര്ച്ച ചെയ്യുകയാണ് ലക്ഷ്യം .

ന്യൂഡെല്ഹി
സെപ്തംബര് 30, 2014